## പതിനാലാം കേരള നിയമസഭ
## 10-ാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2156** **08.03.2018 -ൽ മറുപടിയ്ക്ക്**

### മലപ്പുറം ജില്ലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.ഉബൈദുള്ള : | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലപ്പുറം ജില്ലയിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികൾ വിശദീകരിക്കാമോ; | എ) | പദ്ധതികളുടെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ജില്ലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. നിലമ്പൂർ മുനിസിപ്പാലിറ്റിയിൽ താമരക്കുളം പ്രദേശത്ത് ഒരു മിനി പാർക്ക് നിർമ്മിക്കുന്നതിനും (1.50 കോടി രൂപ) നിലമ്പൂർ മണ്ഡലത്തിലെ വഴിക്കടവ് പഞ്ചായത്തിൽ ഗേറ്റ് വേ ഒഫ് മലബാർ (3.65 കോടി രൂപ) എന്ന പേരിൽ ടൂറിസം പദ്ധതിയ്ക്കുമായി മലപ്പുറം ഡി.ടി.പി.സി മുഖാന്തിരം പ്രോജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) | മലപ്പുറം കോട്ടക്കുന്നിലും മിനി ഊട്ടിയിലും പുതിയ ടൂറിസം പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ? | (സി) | മലപ്പുറം കോട്ടക്കുന്നിൽ ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് ആന്റ് ബ്യൂട്ടിഫിക്കേഷൻ എന്ന പദ്ധതിയ്ക്ക് 99,65,511/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ബാരിയർ ഫ്രീ കേരള ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടക്കുന്ന് പാർക്കിലും പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. മിനി ഊട്ടിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി സ്ഥല ലഭ്യത പ്രധാന തടസ്സമാണ്. സ്വകാര്യ വ്യക്തികളുടെ കൈവശമാണ് ഇവിടെ ഭൂമിയുള്ളത്. സ്ഥലം വിട്ടുകിട്ടുകയാണെങ്കിൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## അനുബന്ധം

| ക്രമ നമ്പ് | പദ്ധതികളുടെ പേര് | ഭരണാനുമതി തുക(രൂപ) | അവസ്ഥ |
|---|---|---|---|
| 1 | Up gradation of basic facilities and infrastructure development of Padinjarekkara Beach. | 43,00,000/- | നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. |
| 2 | Puzhayora Snehapatha at Chamravattom in Malappuram | 1,36,00,000/- | നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 3 | Poonthanam Samkarika Nilayam Phase II | 90,00,000/- | നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 4 | Urgent repair work & maintenance and 3 year annual maintenance of Govt.Guest House,Malappuram. | 35,00,000/- | നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. |
| 5 | Revitalization of Thunchan Memorial Trust and Research Centre- Tirur | 2,00,00,000/- | നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 6 | Renovation of old biyyem bridge- Providing Childrens Play equipments and garden benches to the park. | 16,00,000/- | നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. |
| 7 | Development of cultural centre at chamravattam Reservoir project area at Ponnani in Malappuram District. | 1,60,00,000/- | നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. |
| 8 | Puzhayora Snehapatha at Chamravattom,Malappuram, Phase II | 1,00,00,000/- | നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 9 | Revitalization of Biyyem Kayal at Ponnani in Malappuram District. | 1,09,00,000/- | നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 10 | Ponnani Tourism Triangle- Karmaroad beautification, Malappuram | 4,00,00,000/- | നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 11 | Green Carpet- maintenance and Beautification of Kottakkunnu,Malappuram | 99,65,511/- | നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല |
| 12 | Barrier free Tourism Project | 95,57,000/- | നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ